## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5869

09.07.2012- ലെ മറുപടിക്ക്

## കയർ മേഖല തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കൊഴിഞ്ഞു പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കയർ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി)കയർ തൊഴിലാളികളെ കയർ വ്യവസായത്തിൽ നിലനിർത്താൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;? | (ബി) മെച്ചപ്പെട്ട കൂലിയും സ്ഥിര ജോലിയും ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. . കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് 210 രൂപയെങ്കിലും കൂലി ലഭിക്കണമെന്ന രീതിയിൽ സർക്കാർ വിഹിതവും കൂലിയായി നൽകി ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. ഉല്പന്ന മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞത് 285/- രൂപ കൂലി നടപ്പിലാക്കി. കൂടാതെ, നിലവിലുണ്ടായിരുന്ന തൊണ്ട് സംഭരണ പദ്ധതി സർക്കാർ പരിഷ്ക്കരിച്ചതു പ്രകാരം പ്രാഥമിക കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കും അവരുടെ സംഘത്തിന്റെ ആവശ്യത്തിനായുള്ള ചകിരി ഉല്പാദനത്തിനായി, അവരുടെ ജോലിയിൽ വിഘ്നം വരാത്ത രീതിയിൽ തൊണ്ട് സംഭരണത്തിൽ ഭാഗഭാക്കാകാവുന്നതാണ്. ഇത് അവർക്ക് കൂടുതൽ വേതനം നേടാൻ സാഹചര്യമൊരുക്കിയിട്ടുമുണ്ട്. കൂടാതെ, സംഘങ്ങളുടെ പ്രവർത്തനം ശക്തമാക്കാൻ 2011-12 വർഷം 389 സംഘങ്ങൾക്ക് 9,54,73,406/- രൂപ പ്രവർത്തന മൂലധനവും നൽകിയിട്ടുണ്ട്. ഇതുവഴി കൂടുതൽ പേർക്ക് തൊഴിലവസരവും ലഭിക്കുന്നതാണ്. |

| | |
|---|---|
| സി)ഈ സർക്കാർ അധികാരമേറ്റ ശേഷം കയർത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിവിധ ഇനങ്ങളിലായി എത്രപേർക്ക് എത്രതുക വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ ? | സി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ ഇനങ്ങളിലായി കയർത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഇനം | വിതരണം ചെയ്ത എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|
| 1 | വിവാഹ ആനുകൂല്യം | 2,348 | 46,96,000 |
| 2 | പ്രസവാനുകൂല്യം | 122 | 1,12,200 |
| 3 | ചികിത്സാ ധനസഹായം | 64 | 62,880 |
| 4 | സ്ഥിരാസ്വാധീനം | 105 | 2,56,500 |
| 5 | അപകടമരണ ധനസഹായം | 4 | 40,000 |
| 6 | ശവസംസ്ക്കാര ധനസഹായം | 570 | 5,70,000 |
| 7 | വിദ്യാഭ്യാസ ധനസഹായം | 9,268 | 77,56,500 |
| 8 | താൽക്കാലിക അസ്വാധീനം | 188 | 1,11,000 |
| 9 | വിരമിക്കൽ ആനുകൂല്യം | 4,812 | 3,26,55,500 |
| | **ആകെ** | **17481** | **46260580** |

സെക്ഷൻ ഓഫീസർ